**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 398** **01-11-2021 - ൽ മറുപടിയ്ക്ക്**

**പാർശ്വവത്കരിക്കപ്പെട്ടവർക്ക് സ്വയംതൊഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടവർക്ക് തൊഴിൽ ലഭ്യത ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, 7 വർഷമായി ഭർത്താവിനെ കാണാനില്ലാത്തവർ, 35 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, ഭിന്നശേഷിക്കാർ, പട്ടിക വർഗ്ഗ വിഭാഗത്തിലെ 18 വയസ്സ കഴിഞ്ഞ അവിവാഹിതരായ അമ്മമാർ, എൻഡോസൾഫാൻ ദുരിതബാധിതർ, അനാഥാലയങ്ങളിലെ അന്തേവാസികൾ/മുൻ അന്തേവാസികൾ മുതലായ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ ഉള്ളവർക്ക് സംസ്ഥാന സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിലിനു പരിഗണിക്കുന്നതിന് മുൻഗണനയും 10 വർഷത്തെ വയസ്സിളവും അനുവദിച്ച് നൽകുന്നുണ്ട്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട അശരണരായ വനിതകൾക്ക് (വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, ഭർത്താവ് ഉപേക്ഷിക്കുകയോ / ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടിക വർഗ്ഗ വിഭാഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും, കിടപ്പുരോഗികളുമായ ഭർത്താവുള്ള വനിതകൾ) സ്വയംതൊഴിൽ ചെയ്യുന്നതിന് ശരണ്യ എന്ന പേരിൽ ഒരു സ്വയംതൊഴിൽ പദ്ധതിയും, ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് കൈവല്യ എന്ന പേരിൽ ഒരു സ്വയംതൊഴിൽ പദ്ധതിയും, 50-65 പ്രായപരിധിയിലുള്ള മുതിർന്ന പൗരന്മാർക്ക് നവജീവൻ എന്ന പേരിൽ ഒരു സ്വയംതൊഴിൽ പദ്ധതിയും എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പാക്കി വരുന്നു. കൂടാതെ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തിരം |

| | | | |
|---|---|---|---|
| | | | ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റ്മാർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതിയും ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്ക് വായ്പാ പദ്ധതി, എൻ.എച്ച്.എഫ്.ഡി.സി. (നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ) വായ്പാ പദ്ധതി എന്നിവയും നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | ഭിന്നശേഷിക്കാരുൾപ്പെടെ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നിലവിലുള്ളത്; പുതുതായി എന്തൊക്കെ സഹായങ്ങൾ നൽകാനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ? | (ബി) | ഭിന്നശേഷിക്കാർ, അശരണരായ വനിതകൾ എന്നിവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം പലിശരഹിത സ്വയംതൊഴിൽ വായ്പാ പദ്ധതിയും മുതിർന്ന പൗരന്മാർക്കായി ബാങ്കുമായി ബന്ധപ്പെട്ട് സ്വയംതൊഴിൽ വായ്പാ പദ്ധതിയും നടപ്പാക്കിവരുന്നു. ഈ പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. 1. കൈവല്യ സ്വയംതൊഴിൽ പദ്ധതി - കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് 50,000/- രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുകയും വായ്പാ തുകയുടെ 50% (പരമാവധി 25,000/- രൂപ) സബ്സിഡിയായി അനുവദിക്കുകയും ചെയ്യുന്നു. പ്രോജക്റ്റ് പരിശോധിച്ച് ഒഴിച്ചു കൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. 50,000/- രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റ് നിരക്കിൽ പലിശ ഈടാക്കുന്നതാണ്. 2. ശരണ്യ പദ്ധതി - കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അശരണരായ വനിതകൾക്ക് (വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, ഭർത്താവ് ഉപേക്ഷിച്ചു പോയവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കൻമാരുള്ള വനിതകൾ) സ്വയംതൊഴിൽ ചെയ്യുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം വായ്പ അനുവദിക്കുന്നു. ഒരു വ്യക്തിക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് പരമാവധി 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 50% (പരമാവധി 25000/- രൂപ) സബ്സിഡി ആയി നൽകുന്നു. പ്രോജക്റ്റ് പരിശോധിച്ച് ഒഴിച്ചു കൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. 50,000/- രൂപയ്ക്ക് |

മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റ് നിരക്കിൽ പലിശ ഈടാക്കുന്നതാണ്. 3. നവജീവൻ പദ്ധതി - എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 50-65 പ്രായപരിധിയിലുള്ള മുതിർന്ന പൗരന്മാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതിയാണിത്. ഒരു വ്യക്തിക്ക് പരമാവധി 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപ വരെ ബാങ്ക് വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 25% (പരമാവധി 12500/- രൂപ) സർക്കാർ സബ്സിഡിയായി അനുവദിക്കുന്നു. കൂടാതെ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തിരം ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റ്മാർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതിയും ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് എൻ.എച്ച്.എഫ്.ഡി.സി. (നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ) വായ്പാ പദ്ധതി, ബാങ്ക് വായ്പാ പദ്ധതി എന്നിവയും നടപ്പാക്കി വരുന്നുണ്ട്. ടി പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. 1. ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റ്മാർക്ക് സാമ്പത്തിക സഹായം - ഈ പദ്ധതി പ്രകാരം നിലവിൽ ലോട്ടറി ഏജൻസി ഉള്ളവർക്ക് ധനസഹായമായി 5000/- രൂപ അനുവദിച്ചു വരുന്നു. 18 വയസിന് മുകളിൽ പ്രായവും 40% ഉം അതിന് മുകളിലും ഭിന്നശേഷിത്വവും 1 ലക്ഷം രൂപ വാർഷിക വരുമാനവും ഉള്ളവർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. 2. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി) - വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ സ്വയം തൊഴിൽ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതി പ്രകാരമുള്ള വായ്പയ്ക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്. ലോൺ തുക 20,000/- രൂപ വരെ - ലോൺ തുകയുടെ 50% ഉം, ലോൺ തുക 20,001/- മുതൽ 50,000/- രൂപ വരെ - ലോൺ തുകയുടെ 30% ഉം, ലോൺ തുക 50,001/- മുതൽ 1,00,000/- രൂപ വരെ - ലോൺ തുകയുടെ 25% ഉം, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ - ലോൺ തുകയുടെ 20% (പരമാവധി ഒരു ലക്ഷം രൂപ വരെ) ഉം സബ്സിഡിയായി നൽകുന്നു. 3. എൻ.എച്ച്.എഫ്.ഡി.സി. വായ്പ - നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ (എൻ.എച്ച്.എഫ്.ഡി.സി.)-യുടെ വായ്പാ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ്

| | | | |
|---|---|---|---|
| | | | ചാനലൈസിംഗ് ഏജൻസി (എസ്.സി.എ.) എന്ന നിലയിൽ, എൻ.എച്ച്.എഫ്.ഡി.സി.-യുടെ പദ്ധതി പ്രകാരമുള്ള സ്വയം തൊഴിൽ വായ്പ കോർപ്പറേഷൻ മുഖേന വിതരണം ചെയ്തു വരുന്നു. 50,000/- രൂപ വരെയുള്ള വായ്പയ്ക്ക് സ്ത്രീകൾക്കും, കാഴ്ച / കേൾവി പരിമിതർക്കും, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും 1% പലിശയിളവ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ